പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4182 21.07.2015 ലെ മറുപടി നൽകേണ്ടിയിരുന്നത്

**കർഷക ആത്മഹത്യ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ.കെ.ബാലൻ** | | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കർഷകർ ആത്മഹത്യ ചെയ്യാനിടയായ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എല്ലാ പേരും കൃഷിക്കായി ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിരുന്നവരാണോ ; | (എ) & (ബി) | ചുവടെ പറയുന്നവ കർഷക ആത്മഹത്യകൾക്കു കാരണങ്ങളാണെന്നു കരുതുന്നു.<br>1) സ്വകാര്യ പണമിടപാട്ടു സ്ഥാപനങ്ങളിൽ നിന്നും അമിത പലിശയ്ക്ക് പണം കടം എടുക്കുകയും പിന്നീട് കൃഷിനാശം മൂലം കടം തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുക.<br>2) പ്രകൃതിക്ഷോഭം/ രോഗകീടബാധ എന്നിവ മൂലം അപ്രതീക്ഷിതമായി കൃഷിനാശം ഉണ്ടാകുക.<br>3) ഇടനിലക്കാരുടെ ചൂഷണം മൂലം കാർഷിക ഉല്പന്നങ്ങൾക്ക് പ്രതീക്ഷിച്ച വില ലഭിക്കാതിരിക്കുക.<br>4) അന്യസംസ്ഥാനങ്ങളിൽ പോയി പാട്ടത്തിനു സ്ഥലമെടുത്ത് കൃഷി ചെയ്യുകയും പ്രകൃതിക്ഷോഭം/ രോഗകീടബാധ എന്നിവ മൂലം കൃഷി നശിച്ചു പോകുക.<br>ആത്മഹത്യ ചെയ്ത കർഷകർ എല്ലാ പേരും കൃഷിക്കായി ബാങ്കുകളിൽ നിന്നും വായ്പ എടുത്തവരല്ല. 45 പേർക്ക് ബാങ്ക് വായ്പ കുടിശ്ശികയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും എല്ലാ പേർക്കും ജപ്തി നോട്ടീസ് ലഭിച്ചിട്ടില്ല. |
| (ബി) | ഇതിൽ എത്ര പേർക്ക് ബാങ്ക് വായ്പാ കുടശ്ശികയുണ്ട് ; എത്ര പേർക്ക് ജപ്തി നോട്ടീസ് ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ